# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.12.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് തമിഴ്നാട്ടിലെ വെല്ലൂർ സന്ദർശിക്കും.
   President Droupadi Murmu will visit Vellore in Tamil Nadu today

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ എത്യോപ്യൻ സന്ദർശനത്തിൻറെ പശ്ചാത്തലത്തിൽ ഇരു രാജ്യങ്ങളും മൂന്ന് ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു. എത്യോപ്യയുടെ പരമോന്നത ബഹുമതിയായ 'ദി ഗ്രേറ്റ് ഓണർ നിഷാൻ ഓഫ് എത്യോപ്യ' പ്രധാനമന്ത്രിക്ക് സമ്മാനിച്ചു.
   India & Ethiopia sign three MoUs during PM Modi's visit to Addis Ababa. Prime Minister Narendra Modi was conferred with Ethiopia's highest award 'The Great Honour Nishan of Ethiopia'.

3. വിവിധ ഇൻഷുറൻസ് നിയമങ്ങളുടെ ഭേദഗതി വിഭാവനം ചെയ്യുന്ന സബ്കാ ഭീമാ സബ്കി രക്ഷാ ബിൽ ലോക്സഭ പാസാക്കി.
   The Lok Sabha passed the Sabka Bima Sabki Raksha (Amendment of_Insurance Laws) Bill, 2025 which seeks to accelerate the growth and_development of the insurance sector by ensuring better protection of_policyholders.

4. കേരളത്തിൽ വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും.
   Special election notifications for three local government wards in Kerala where voting has been postponed will be issued today.

5. ഡൽഹിയിലെ വായു മലിനീകരണം പരിഹരിക്കുന്നതിന് കർശന നടപടികളുമായി ഡൽഹി സർക്കാർ. കൃത്യമായ മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങൾക്ക് നാളെ മുതൽ പെട്രോൾ പമ്പുകളിൽ ഇന്ധനം നൽകില്ല.

   Delhi Government has taken strong measures to tackle the issue of air pollution in the national capital. Vehicles without proper Pollution Under Control Certificate will not be provided fuel at petrol pumps from tomorrow.

6. ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി20 പരമ്പരയിലെ നാലാം മത്സരം ഇന്ന് ലഖ്നൗവിൽ.

   In Men's Cricket, fourth T-20 International between India and South Africa will be played in Lucknow today

****************************************

## PRESIDENT – TN VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ഒരാഴ്ച നീണ്ട കർണാടക, തമിഴ്നാട്, തെലങ്കാന സന്ദർശനം പുരോഗമിക്കുന്നു. രാഷ്ട്രപതി ഇന്ന് തമിഴ്നാട്ടിലെ വെല്ലൂർ സന്ദർശിക്കും. തമിഴ്നാട് ഗവർണർ ആർ എൻ രവിയും കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി ഡോ എൽ മുരുകനും രാഷ്ട്രപതിയെ സ്വാഗതം ചെയ്യും. തുടർന്ന് ശ്രീപുരം സുവർണ്ണ ക്ഷേത്രത്തിൽ ദർശനം നടത്തുന്ന രാഷ്ട്രപതി ക്ഷേത്ര സമുച്ചയത്തിലെ ധ്യാന പവലിയൻ ഉദ്ഘാടനം ചെയ്യും.

****************************************

## PM – ETHIOPIA (INTRO)

എത്യോപ്യയുടെ പരമോന്നത ബഹുമതിയായ 'ദി ഗ്രേറ്റ് ഓണർ നിഷാൻ ഓഫ് എത്യോപ്യ' പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് എത്യോപ്യൻ പ്രധാനമന്ത്രി ഡോ. അബി അഹമ്മദ് അലി സമ്മാനിച്ചു. ഇന്ത്യ-എത്യോപ്യ പങ്കാളിത്തം

ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം നൽകിയ അസാധാരണ സംഭാവനകൾക്കാണ് പുരസ്കാരം. രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്നലെയാണ് പ്രധാനമന്ത്രി എത്യോപ്യയിൽ എത്തിയത്. ലോകത്തിലെ ഏറ്റവും പുരാതന നാഗരികതകളിൽ ഒന്നിൽ നിന്ന് പുരസ്ക്കാരം സ്വീകരിക്കാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നതായി ചടങ്ങിനെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

(വോയിസ്.....)

പ്രധാനമന്ത്രി നരേന്ദ്ര മോദി എത്യോപ്യൻ പ്രധാനമന്ത്രിയുമായി നടത്തിയ ചർച്ചകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം മെച്ചപ്പെടുത്താൻ തീരുമാനമായി. മൂന്ന് ധാരണാപത്രങ്ങളിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു. എത്യോപ്യൻ പാർലമെന്റിന്റെ സമ്മേളനത്തെ പ്രധാനമന്ത്രി ഇന്ന് അഭിസംബോധന ചെയ്യും.

****************************************

## PM OMAN

ത്രിരാഷ്ട്ര സന്ദർശനത്തിൻറെ മൂന്നാം പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഒമാനിലെത്തും. ജോർദാൻ, എത്യോപ്യ സന്ദർശനം പൂർത്തിയാക്കിയാണ് അദ്ദേഹം ഒമാനിലെത്തുന്നത്. ഇന്ത്യ-ഒമാൻ നയതന്ത്ര ബന്ധത്തിന്റെ 70-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിക്കിന്റെ ക്ഷണപ്രകാരമാണ് ശ്രീ മോദിയുടെ സന്ദർശനം.

****************************************

## MEITY- INDIAAI MISSION

കാർഷിക മേഖലയിൽ എഐ ചെലുത്തുന്ന പ്രത്യക്ഷ സ്വാധീനത്തെക്കുറിച്ചുള്ള ഒരു സംഗ്രഹം സമർപ്പിക്കുന്നതിനായി

ഇലക്ട്രോണിക്സ് - വിവര സാങ്കേതിക മന്ത്രാലയത്തിന് കീഴിലുള്ള ഇന്ത്യാ എഐ മിഷൻ, ആഗോളതലത്തിൽ അപേക്ഷ ക്ഷണിച്ചു. മഹാരാഷ്ട്ര സർക്കാരിന്റെ എഐ - അഗ്രിടെക് ഇന്നൊവേഷൻ സെന്ററുമായി സഹകരിച്ച് ലോകബാങ്കിന്റെ പിന്തുണയോടെയാണ് മന്ത്രാലയം ദൗത്യം നടപ്പിലാക്കുന്നത്. കൃഷി രീതികൾ മെച്ചപ്പെടുത്തുന്നത് ഉൾപ്പടെ എഐ അധിഷ്ഠിത പരിഹാരങ്ങൾ ക ണ്ടെത്തുക എന്നതാണ് ദൗത്യത്തിൻറെ ലക്ഷ്യം.

****************************************

## JAISHANKAR-ISRAEL

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ ഇന്നലെ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി ജറുസലേമിൽ കൂടി കാഴ്ച നടത്തി. സാങ്കേതികവിദ്യ, സമ്പദ്‌വ്യവസ്ഥ, കണക്റ്റിവിറ്റി, സുരക്ഷ എന്നീ മേഖലകളിലെ സഹകരണം ശക്തിപ്പെടുത്തുന്നതിനെ കുറിച്ച് ഇരുവരും ചർച്ച ചെയ്തു .ഇസ്രായേൽ സാമ്പത്തിക, വ്യവസായ മന്ത്രി നിർ ബർകതും ആയും എസ് ജയശങ്കർ കൂടിക്കാഴ്ച നടത്തി .സാമ്പത്തിക പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യ-ഇസ്രായേൽ സ്വതന്ത്ര വ്യാപാര കരാർ ഉടൻ പൂർത്തിയാകുമെന്ന് ശ്രീ ജയ്ശങ്കർ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

****************************************

## DIGITIZED FORM - SIR

കേരളത്തിൽ എസ്.ഐ.ആറുമായി ബന്ധപ്പെട്ട് ഇന്നലെ വൈകിട്ട് 6 മണിയോടെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ട് കോടി 78 ലക്ഷത്തി 32,269 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 99.93 ശതമാനം ആണ്. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ

ഭാഗമായി സംസ്ഥാനത്ത് വീടുകൾ തോറുമുള്ള വിവര ശേഖരണം നാളെ അവസാനിക്കും

*****************************************

## SEC

കേരളത്തിൽ സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അറിയിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡ്, മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിലെ പായിമ്പാടം വാർഡ്, എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ഓണക്കൂർ വാർഡ് എന്നിവിടങ്ങളിലേക്ക് അടുത്ത മാസമാണ് പ്രത്യേക തിരഞ്ഞെടുപ്പ്. അതേസമയം, തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷ- ഉപാധ്യക്ഷ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിൽ നടത്തും.

*****************************************

## DELHI POLLUTION RULES

ഡൽഹിയിലെ വായു മലിനീകരണം പരിഹരിക്കുന്നതിന് കർശന നടപടികളുമായി ഡൽഹി സർക്കാർ . കൃത്യമായ മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങൾക്ക് നാളെ മുതൽ പെട്രോൾ പമ്പുകളിൽ ഇന്ധനം നൽകില്ല. ഡൽഹിയിലേക്ക് നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്ന ട്രക്കുകൾക്ക് പൂർണ്ണ നിരോധനം ഏർപ്പെടുത്തുമെന്നും ഡൽഹി പരിസ്ഥിതി മന്ത്രി മഞ്ജീന്ദർ സിംഗ് സിർസ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കൂടാതെ, ഡൽഹിക്ക് പുറത്തുനിന്നുള്ള ബിഎസ് 6 അല്ലാത്ത സ്വകാര്യ

വാഹനങ്ങൾക്കും നാളെ മുതൽ ദേശീയ തലസ്ഥാനത്തേക്ക് പ്രവേശനം അനുവദിക്കില്ല.

*************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

*************************************

## PARLIAMENT

വിവിധ ഇൻഷുറൻസ് നിയമങ്ങളുടെ ഭേദഗതി വിഭാവനം ചെയ്യുന്ന സബ്ക്കാ ഭീമാ സബ്കി രക്ഷാ ബിൽ ലോക്സഭ ഇന്നലെ പാസാക്കി. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനാണ് ബിൽ സഭയിൽ അവതരിപ്പിച്ചത്. ജനങ്ങൾക്ക് മികച്ച സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് ഇൻഷുറൻസ് മേഖലയുടെ വളർച്ചയും വികസനവും ത്വരിതപ്പെടുത്താനാണ് ബിൽ ലക്ഷ്യമിടുന്നത്.

*************************************

## AJEEVIKA BILL (INTRO)

രാജ്യത്തെ പാവപ്പെട്ട ഗ്രാമീണ കുടുംബങ്ങൾക്ക് 125 ദിവസത്തെ തൊഴിൽ ഉറപ്പുനൽകുന്ന വികസിത് ഭാരത് - റോസ്ഗാർ ആൻഡ് അജീവിക മിഷൻ ബിൽ ഇന്നലെ ലോക്സഭയിൽ അവതരിപ്പിച്ചു. ഇരുപത് വർഷം പഴക്കമുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-2005 ന് പകരമായാണ് ബിൽ അവതരിപ്പിച്ചത്. ബില്ലിന്മേൽ ഇന്നും ചർച്ച തുടരും. വിശദാംശങ്ങളിലേക്ക്.............

(വോയ്സ്)

## AJEEVIKA BILL(VOICE)

വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിൽ ചെയ്യാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന ഗ്രാമീണ കുടുംബങ്ങളിലെ മുതിർന്ന അംഗങ്ങൾക്ക് 125 ദിവസത്തെ വേതന തൊഴിൽ ഈ പദ്ധതി ഉറപ്പുനൽകുന്നു . 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനത്തിനും നിയമത്തിൽ വ്യവസ്ഥയുണ്ട് . ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങളും സുസ്ഥിരമായ അടിസ്ഥാന സൗകര്യങ്ങളും സൃഷ്ടിക്കുക, തൊഴിൽ ദിനങ്ങൾ വർധിപ്പിക്കുക, മികച്ച വേതനത്തിലൂടെ ഗ്രാമീണ കുടുംബങ്ങളെ ശാക്തീകരിക്കുക ,ഗ്രാമവികസനം ത്വരിതപ്പെടുത്തുക എന്നിവയാണ് ബില്ലിന്റെ ലക്ഷ്യങ്ങൾ വിവിധ പദ്ധതികളുടെയും സംയോജനവും ബിൽ ലക്ഷ്യമിടുന്നുണ്ട്. ബില്ലിന് കിഴിൽ പുതുക്കിയ വേതന നിരക്കുകൾ കേന്ദ്ര സർക്കാർ അറിയിക്കുന്നത് വരെ നിലവിലുള്ള വേതനം തുടരും. തൊഴിലുറപ്പ് പദ്ധതിക്കായി മോദി സർക്കാർ എട്ട് ലക്ഷത്തി 53 ആയിരം കോടി രൂപ ചെലവഴിച്ചുവെന്ന് ബിൽ അവതരിപ്പിച്ച കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു.

****************************************

## US TRAVEL BAN

അഞ്ച് രാജ്യങ്ങൾക്ക് കൂടി യാത്രാ വിലക്ക് ഏർപ്പെടുത്തി അമേരിക്ക. ബുർക്കിന ഫാസോ, മാലി, നൈജർ, ദക്ഷിണ സുഡാൻ, സിറിയ എന്നി രാജ്യങ്ങൾക്കാണ് വിലക്ക്. അതേസമയം നേരത്തെ പട്ടികയിലുള്ള രാജ്യങ്ങൾക്ക് പുതിയ നിയന്ത്രണങ്ങളും ഏർപ്പെടുത്തി. 15 രാജ്യങ്ങൾക്ക് ഭാഗിക നിയന്ത്രണവും നൽകി. കൂടാതെ, പലസ്തീനിൽ നിന്നുള്ള യാത്രാ രേഖകളുള്ള വ്യക്തികൾളുടെ പ്രവേശനവും പൂർണമായി നിയന്ത്രിച്ചിട്ടുണ്ട്.

****************************************

## CRICKET- IND SA T-20

ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി20 പരമ്പരയിലെ നാലാം മത്സരം ഇന്ന് ലഖ്നൗവിൽ നടക്കും . ഏകാന ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകിട്ട് 7 മണിക്ക് ആണ് മത്സരം. അഞ്ച് മത്സരങ്ങൾ ഉള്ള പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്. അഞ്ചാമത്തെയും അവസാനത്തെയും മത്സരം വെള്ളിയാഴ്ച അഹമ്മദാബാദിലാണ് നടക്കുന്നത്.

****************************************

## IFFK TODAY

30 -ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ ആറാം ദിനമായ ഇന്ന് 72 ചിത്രങ്ങൾ പ്രദർശിപ്പിക്കും. നേരത്തെ പ്രദർശനം നിഷേധിച്ച ആറ് ചിത്രങ്ങളും ഇതിൽ ഉൾപ്പെടുന്നു. മേളയ്ക്ക് വെള്ളിയാഴ്ച കൊടിയിറങ്ങും.

****************************************

## D S C A 20 -COMMISSIONED

ഇന്ത്യൻ നാവികസേനയുടെ അഞ്ച് ഡൈവിംഗ് സപ്പോർട്ട് കപ്പലുകളിൽ ആദ്യത്തേതായ D S C -A20 കൊച്ചിയിലെ നാവിക ആസ്ഥാനത്ത് കമ്മീഷൻ ചെയ്തു. ദക്ഷിണ നാവിക കമാൻഡിലെ ഫ്ലാഗ് ഓഫീസർ കമാൻഡിംഗ്-ഇൻ-ചീഫ് വൈസ് അഡ്മിറൽ സമീർ സക്സേന ചടങ്ങിൽ അധ്യക്ഷത വഹിച്ചു, അത്യാധുനിക ഡൈവിംഗ് ഉപകരണങ്ങൾ ഘടിപ്പിച്ചിരിക്കുന്ന ഈ കപ്പൽ, ഡൈവിംഗ് ദൗത്യങ്ങൾക്ക് ഉൾപ്പടെ നിർണായക പങ്ക് വഹിക്കും.

****************************************

## MANDAVIYA-LABOUR CODES

അടുത്തിടെ നടപ്പിലാക്കിയ നാല് തൊഴിൽ നിയമങ്ങളും തൊഴിലാളികളുടെ ജീവിതത്തിൽ നല്ല മാറ്റങ്ങൾ കൊണ്ടുവരുമെന്ന് കേന്ദ്ര തൊഴിൽ മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ. തൊഴിൽ, തൊഴിലാളി ഉച്ചകോടി 2025-നെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പുതിയ നിയമപ്രകാരം, കരാർ തൊഴിലാളികളെ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലെന്നും ഇത് അവർക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതായും അദ്ദേഹം പറഞ്ഞു.

************************************

## TUNNEL CONSTRUCTION

വയനാട് മേപ്പാടി കള്ളാടി ആനക്കാംപൊയിൽ തുരങ്കപാതയ്ക്ക് എതിരായ ഹർജി ഹൈക്കോടതി തള്ളിയതായി മന്ത്രി പി.എ മുഹമ്മദ് റിയാസ്. തുരങ്കപാത നിർമാണവുമായി സംസ്ഥാന സർക്കാരിന് മുന്നോട്ടുപോകാമെന്ന് കോടതി വ്യക്തമാക്കിയതായും മന്ത്രി അറിയിച്ചു. കോഴിക്കോട്- വയനാട് യാത്രയിൽ വലിയ സമയലാഭം സൃഷ്ടിക്കുന്ന പദ്ധതിയാണ് വയനാട് തുരങ്കപാത.

*************************************************************************************

**********************